പതിനാലാം കേരളനിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *19 — 28.06.2016-ൽ മറുപടിക്ക്

## അന്യ സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്ത് അന്യ സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കേസുകൾ വർദ്ധിച്ച് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അന്യ സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരം പോലീസ് സ്റ്റേഷനുകളിൽ ശേഖരിക്കുന്നതിന് ഏത് രീതിയിലുള്ള സംവിധാനമാണ് നിലവിലുള്ളത്; | (ബി) | സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം അന്യസംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബെയ്സ് (Data Base)-ൽ ഉൾപ്പെടുത്തി സൂക്ഷിച്ചും വരുന്നുണ്ട്. പുതുതായി വരുന്ന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിന് തൊഴിൽ ഉടമകൾക്കും ഏജന്റുമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ അന്യ സംസ്ഥാന തൊഴിലാളികളുടേയും വിവരം സംസ്ഥാനത്തെ പോലീസ് വകുപ്പിൽ ലഭ്യമാണോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ ; | (സി) | ലഭ്യമല്ല. ഇതര സംസ്ഥാനത്ത് നിന്നും ജോലിയ്ക്ക് എത്തുന്നവരിൽ ഒറ്റയ്ക്ക് വരുന്നവരും ജോലി സ്ഥലങ്ങളിൽ സ്ഥിരമായി നിൽക്കാതെ പല സ്ഥലങ്ങളിൽ മാറി മാറി താമസിക്കുന്നതിനാലും ഇത്തരക്കാരുടെ പൂർണ്ണമായ വിവര ശേഖരണം നിലവിൽ ലഭ്യമാണെന്ന് ഉറപ്പിച്ച് പറയാനാകില്ല. |

| | |
|---|---|
| (ഡി) ഇത്തരം വിവര ശേഖരണത്തിൽ പോലീസ് അലംഭാവം കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള വിവര ശേഖരണം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ? | (ഡി) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവര ശേഖരണം സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം നടത്തി വരുന്നുണ്ട്. കാലോചിതമായി ഈ സംവിധാനം പരിഷ്കരിക്കേണ്ടതുണ്ട്. |

Rajani.M

സെക്ഷൻ ഓഫീസർ